"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ - ജീവനക്കാര്യം - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റായി കരാർ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടുള്ള ശ്രീമതി ബിന്ദു എസ്. (റിട്ട.) - ന്റെ പുനർനിയമന ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ജനറൽ) വകുപ്പ്

സ.ഉ.(കൈ) നം.17/2025/P&ARD    തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:- 1. സ.ഉ(കൈ)നം.4/2025/ ഉഭപവ തീയതി 14.02.2025.

2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാറുടെ 18.03.2025, 26.05.2025 എന്നീ തീയതികളിലെ 1286/A1/2024/KAT നമ്പർ കത്തുകൾ.

**ഉത്തരവ്**

ബഹു. കേരള ഹൈക്കോടതിയിലെ പ്രൈവറ്റ് സെക്രട്ടറി (HG) തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി ബിന്ദു എസ്. - നെ പരാമർശം (1) മുഖേന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ ചെയർമാന്റെയും മെമ്പർമാരുടെയും പേഴ്സണൽ അസിസ്റ്റന്റായി ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. എന്നാൽ വ്യക്തിപരമായ കാരണങ്ങളാലും അപ്രതീക്ഷിത സാഹചര്യങ്ങളാലും പേഴ്സണൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിക്കാൻ അസൗകര്യമുള്ളതായി ശ്രീമതി ബിന്ദു എസ്. അറിയിച്ചതായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റായി ശ്രീമതി ബിന്ദു എസ്. (റിട്ട.) - നെ നിയമിച്ചുകൊണ്ടുള്ള പരാമർശം(1) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., 31/792-A3, ആകാശ് അപ്പാർട്ട്മെന്റ്, തിട്ടുന്നയിൽ ലെയിൻ (Thidunnayil Lane), പൊന്നുരുന്നി, വൈറ്റില.പി.ഒ, എറണാകുളം-682019.

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (Exp-B3/316/2024/Fin പ്രകാരം).

പൊതുഭരണ (SC) വകുപ്പ് (12/02/2025 ലെ ഇനം നം.2702 പ്രകാരം).

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Dhanya.k.s
Date: 19-09-2025 15:26:38
സെക്ഷൻ ഓഫീസർ